# സ്വജാതോദ്ധാരണം

ഉള്ളൂർ

# സുജാതോദ്വാഹം

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ

1975

ULLUR PUBLISHERS

JAGATHY TRIVANDRUM-14.

Malayalam
**SUJATHODWAHAM**
By
Mahakavi Ulloor
S. PARAMESWARA IYER
Third Impression—1975
PRICE Rs. 2/50
Printed at
Vivekananda Press, Jagathy, Trivandrum-14.
Published by
ULLUR PUBLISHERS
Jagathy, Trivandrum-14

# സമർപ്പണം

തീപ്പെട്ടുപോയ 'ഉഷാകല്യാണചമ്പു' കത്താ
വായ എൻെറ ഗുരുനാഥൻ ചങ്ങനാശ്ശേരി ലക്ഷ്മീ
പുരത്തു കൊട്ടാരത്തിൽ **രവിവർമ്മ** കോയിത്തമ്പു
രാൻ തിരുമനസ്സിലെ സ്മാരകമായി ഈ ചമ്പുപ്ര
ബന്ധത്തെ സഹൃദയസമക്ഷം സമപ്പിച്ചുകൊള്ളുന്നു

ഗ്രന്ഥകത്താ.

# സുജാതോദ്വാഹം

ഭാഷാചമ്പു

---

പൂർവ്വഭാഗം

---

കൊണ്ടാടിക്കൊണ്ടനന്തോപരി നിഖിലജഗ-
ത്താപശാന്തിക്കു ബദ്ധോൽ-
കണ്ണൊാഭോഗം വയററിൽ കമലമൊടു ശയി-
ക്കുന്ന കാർമേഘവായ്പേ !
തണ്ടാർമാതിൻ തടപ്പോർമുലകളുടെ തപഃ-
പുഞ്ജമേ! കല്പവൃക്ഷം
തിണ്ടാട്ടും നിൻപദത്താർ തൊഴുമിവനുദയാ -
ഭഃകണം ചേർക്കണം നീ. 1

നിൻനെററിക്കുങ്കുമപ്പൊട്ടു, ധിഗളമണിയും
ചാരുകസ്തൂരി, കേശം-
തന്നിൽ ചൂടുന്ന മുല്ലപ്പൂമലരിവയെ-
ന്മെയ്യിലായ്ത്തയ്യലാളേ!
കണ്ണിൽ ചെന്തീ, കഴുത്തിൽ ഗരള, മണികപ്-
ർദ്ദത്തിലാററിൻതിരക്കാ-
പ്പെന്നൊക്കെത്തോന്നിടുന്നെന്നമയൊടു ഹരനോ-
ത്തുന്നതിന്നായ്ത്തൊഴുന്നേൻ. 2

ശ്രീമത്താമാസ്യമാറൊത്തിരുവിധമുടയോ–
രമ്മയിൽപ്രേമമാന്നും
സാമർത്ഥ്യാൽതാരകോൽപ്പന്നതകലരുകിലും
താരകാരാതിയായും
ഓമൽജൈത്തവല്ലി ചുററിപ്പടരുമൊരമരാ–
നോകഹംശോകഹംമേ
കാമത്തെക്കൈവെരുത്തിക്കേരളിനകുളിരും
സൌഖ്യമുണ്ടാക്കിടട്ടേ. 3

മുൻകാലം ഭാരതക്ഷ്മാതല, മതുലബലാ–
ഭോഗദാവാഗ്നിയെക്കൊ–
ണ്ടങ്കാളുംശത്രുവംശപ്രകരമെരിപൊരി–
ച്ചാകവേ ലാഘവേന
തങ്കാലിൽതാണുവീഴ്വോക്തിസുരഭികളാം
രാജപുത്രാഖ്യഭൂമി–
ക്കൊങ്കാലങ്കാരമുക്താമണികൾവളരെനാൾ
പാലനംചെയ്യുവാന്നാർ. 4

അമ്മന്നാരിലരാതിലാജദഹനം
ചെയ്യുംപ്രതാപാനലൻ–
തന്മുന്നിൽജയലക്ഷ്മിയാംതരുണിയെ–
പ്പാണിഗ്രഹംചെയ്യവൻ
വിണ്മേൽമിന്നുമുഡുക്കൾതൻനടുവിലാ–
ച്ചന്ദ്രൻകണക്കുർവിമേൽ
നിർമ്മായംജയചന്ദ്രനെന്നൊരുധരാ–
പാലൻവിളങ്ങീടിനാൻ. 5

താണീടാതുള്ളകീർത്തിച്ഛടയൊടുധരണീ-
പാലനംകാന്യകുബ്ജ-
ക്ഷോണീമാതിൻെറനെററിത്തൊട്ടുകുറിജയച-
ന്ദ്രാഭിധൻചെയ്തതന്ദ്രം
വാണീടുമ്പോൾജനങ്ങൾക്കുയരുമൊരുമഹാ-
ഭാഗ്യസൌഖ്യാതിരേക-
ശ്രേണീവൈപുല്യമോതുന്നതിനണുവുമിവൻ-
നാവതിന്നാവതല്ലാ. 6

ദാനംധാരാളമുണ്ടെങ്കിലുമതിൽമദമി-
ല്ലാതെയും, താൻകലാവാ-
നാണെന്നാലുംകളങ്കത്തിനുപഴുതുകൊടു-
ക്കാതെയും, പ്രീതിയോടേ
മാനത്തിൽപാർത്തുലോകത്തിനുപകലിരവും
ഭേദമില്ലാതെബന്ധു-
സ്ഥാനംകൈകൊണ്ടുമുർവീതലമവികലമ-
പ്പാർത്ഥിവൻകാത്തുവാണാൻ. 7

അന്ന്യായത്തിന്നുജന്മശ്ശനി, യനഘപഥ-
ന്മാർക്കശ്ശുക്രപ്രസാദം,
വിണ്ണോർനാഥന്നുബുദ്ധിക്ഷയ, മിതരനൃപ-
ക്കൊക്കെവിഖ്യാതിനാശം,
പുണ്യക്ഷോണിസ്ഥപുഷ്ടിപ്രസരമിവയൊടൊ-
ന്നിച്ചുസാമ്രാജ്യലക്ഷ്മീ-
ക്കന്നാളന്യൂനരാഗംതടവിനപതിയായ്-
ത്തീർന്നുപോലന്നരേന്ദ്രൻ. 8

ഗദ്യം:—ഇത്തരം ധരിത്രീഗോത്രാരി ജയചന്ദ്രൻ സ്വകീർത്തിസുരസ്ത്രീഗീതയാക്കിക്കരുത്താൽ പ്രജകളിൽ പെരുത്ത ശുഭം പരത്തിദ്ദരിദ്രദൈന്യം, വിരുദ്ധസൈന്യം രണ്ടിനുമൊരേതരത്തിലറുതി കരത്താൽ വരുത്തിജ്ജഗത്തെ നിത്യം പരിത്രാണനം ചെയ്തു കളത്രമിത്രസഹിതം ചരിത്രപ്രഥിതമാം നിജപുരത്തിൽ പാർത്തു.

കാലംകുറച്ചു നിജകാന്തയുമായ് ധരിത്രീ-
പാലൻകഴിച്ചുസുഖമേനിവസിച്ചിടുമ്പോൾ
താലാങ്കസോദരകൃപാവിഭവാലവക്ര
ലോലാംഗിയാമൊരുകുമാരിസമുത്ഭവിച്ചു. 9

അക്കാന്യകുബ്ജഭവരാദിമുതൽക്കുനട്ടു
കാക്കുന്നതാം സുകൃതവല്ലരിപൂത്തപോലെ
തൽക്കന്യയെക്കരുതിയന്നുസുജാതയെന്നായ്
ശ്ലാഘ്യൻനൃപാലമണിനാമവുമിട്ടുകൊണ്ടാൻ. 10

അനുദിവസമനന്താദ്യന്തരേ ബാലയാമ-
പ്പനിമതികലപൊങ്ങിപ്പുഷ്ടശോഭം വളർന്നു,
അനിശമതിലുദിക്കും പുഞ്ചിരിപ്പൂനിലാവാൽ
ജനനയനചകോരവ്രാതവും പ്രീതമായി. 11

അദ്ധാതാവാത്മജയ്ക്കുള്ളറിവിനൊടനസൂ-
യ്ക്കെഴും സൽഗുണത്തെ-
പ്പൊൽത്താരമ്പന്റെകാന്തയ്ക്കുടയതനുവിനോടും-
ച്ചേർത്തപോൽപുത്രിബാല്യം
തത്താദൃക്കായ്നയിയ്ക്കുന്നതുമിളിതരസം
നാരംകന്നാംനോക്കിനോക്കി-

ച്ചിത്താനന്ദാർണ്ണവത്തിൽജനകജനനിമാ -
രണ്ടുമുങ്ങികളിച്ചാർ. 12

ഇത്ഥംജഗത്ത്രിതയനേത്രകുതൂഹലത്തെ
നിത്യംവളർത്തിവിലസുംനൃപതീന്ദ്രപുത്രി
അബ്ദങ്ങളങ്ങിനെകുറച്ചുകഴിഞ്ഞുബാല്യ
സ്വത്തെന്നതാംനിലയെവിട്ടുവിമുക്തയായാൾ 13

വാടാതെതന്നെപാദംഗതിയിൽവിലസിപോൽ,
മാന്ദ്യമായാസമേതും
കൂടാതെതന്നെമദ്ധ്യംദിനമനുകൃശമായ്,
പുണ്യമൊന്നുംവ്രതത്താൽ
നേടാതെതന്നെമേന്മേലുദരമതിതരാം
ക്ഷാമമായ്, ശങ്കവെറും
തേടാതെതന്നെനേത്രംതരളതരവുമായ്
തൽക്ഷണംപക്ഷ്മളാക്ഷ്യാഃ. 14

താരുണ്യാർക്കൻധരിത്രീഹരിഹയതനയാ–
ഗാത്രപൂർവ്വാദ്രിതന്മേൽ
ചേരുന്നേരംതദാസ്യാംബുജമലർവികസി–
പ്പിച്ചുതന്നിച്ഛപോലേ
പാരംവക്ഷോജകോകദ്വയഘടനമുടൻ
ചെയ്തില്ലുംകേശമാകും
ഭൂരിധ്വാന്തംപടർത്തീപ്രതിഭടതയുമാ–
സ്നിഗ്ദ്ധഭാവത്തിൽമങ്ങും. 15

കൈത്തണ്ടിൽക്കൂടി തങ്കത്തരിവളതനുവിൻ
കാന്തിമന്ദംഗ്രഹിപ്പാൻ,

കാൽത്താരിൽച്ചേർന്നുമഞ്ജുസ്വനപഠനതൃഷാ
    നൂപുരം ലോഭനീയം,
മുത്തേറെപ്പൂണ്ടുമുക്താവലികുചഗിരിയിൽ
    കേവലം സേവചെയ്തു
നൽത്തേൻചൊല്ലാളണിഞ്ഞീലൊരുപൊഴുതുമഹോ !
    ഭൂഷണം ഭൂഷണാർത്ഥം. 16

ഒന്നായ്ലോകത്തിനാലോചനശിവ! ശിവനേ!
    ചന്ദ്രനൊന്നല്ലരണ്ടായ്
മൂന്നായ്കല്യാണശൈലം മനസിജശരമോ
    സാരമാറായിതാനും
പിന്നെപ്പത്തൻപതായ്ത്തീർന്നിതുയുവഹൃദയം,
    പൂർണ്ണതാരുണ്യധാതാ-
വന്നൊട്ടേറെ വിചിത്രപ്പണികളവനിയിൽ
    ചെയ്തു സാമോദമേവം. 17

അംഘ്ര്യംഭോജാസവത്തെക്കളവൊടുകചഭൃം-
    ഗങ്ങളംഭംഗ്യാനുകർന്നു
കൊങ്കപ്പൊൽക്കുന്നിലെത്തും നയനമനിമിഷാ-
    ഭിഖ്യയെക്കണ്ണിലാക്കി
തങ്കച്ചേലം തനുശ്രീതടിനിയിൽമുഴുകി-
    ക്കർദ്ദമം തീർത്തുമുററും
മങ്കയ്ക്കിന്നീമനോജ്ഞപ്രഭ മനസിജനോ
    വിശ്വസൃക്കോ വരുത്തി? 18

ശംഖിന്നുള്ളോ ചികത്തിൻവസതി? പവിഴവും
    മുത്തുമബ്ജത്തിലാമോ?

തിങ്കൾത്തെല്ലിന്നുമേലോഭ്യകിൽനിര?യമൃതി-
ന്നാശ്രയം തൊണ്ടിതാനോ ?
തങ്കക്കുന്നിൽപിറന്നോയമൃന?യത്തുതടാ-
കത്തിലോവീഴ്വതെന്തീ-
യംഗശ്രീതൻപ്രഭാവം? ഹര! ഹര! ചപലാ-
ലേഖഭൂലോകമാന്നോ ? 19

അനിശംനവയൌവനത്തോടൊത്തോ-
രനവദ്യാംഗിനരാധിനാഥപുത്രി
തനുവാംലതകൊണ്ടുതന്നെഗാഢം
ജനഹൃത്തൊക്കെവെരിഞ്ഞുകെട്ടിവാണാൾ 20

2. ഗദ്യം:—ഇവണ്ണം വർണ്ണനത്തിനനന്തനും, ദർശനത്തിനിന്ദ്രനും ശക്തനല്ലാത്ത ചാരുത്വമേറും നീരോത്തനീരദത്തിൻമദത്തെയുതിത്ത പൂരികുഴലെഴും കുയിൽമൊഴി സുഷമയാലാഴിചൂഴമൂഴിയിൽ വാഴും കേഴമാൻമിഴിമാക്കു വാഴ്ക്കും മുഷ്കു ബാക്കിവെയ്ക്കാതൊതുക്കി സ്വകുലത്തിനു വികലത്വമററ കീർത്തി പേർത്തും വരുത്തിക്കൊണ്ടന്നോരുടെ കണ്ണും കേൾപ്പവരുടെ കർണ്ണവും ഹഠാദാകഷിച്ചനവദ്യമായ ലാവണ്യത്തിൻ നടനപ്പന്തലായി ലസിക്കുമ്പോൾ

ഔദ്ധത്യംമൂത്തധാത്രീപതികളെയഖിലം
സ്വർഗ്ഗനാരീരതിക്കായ്
മൊത്തത്തിൽചേർത്തുരാകാഹിമകരമഹിമാ-
വൊത്തസൽകീർത്തിവസ്ത്രം
പൃത്ഥ്വീത്തേൻവാണിയാൾക്കായ്പ്രിയമൊടുസമുദ്ര-
ത്തത്തിൽനൽകിസ്സുരേശ-

പ്രസാദത്തിൽപാർത്തിരുന്നാൻപൃഥുവിതിപ്പൃഥുദോ–
    ർവ്വിക്രമൻ ചക്രവർത്തി. 21

നേരെത്താത്തുള്ള നീതിത്തികവ,ഖിലകലാ–
    ഭാകാന്ത്യ,മന്യക്ഷമേശ–
ന്മാരെത്താഴ്ത്തുന്നകീർത്തിച്ഛടാ,തനുസുഷമാ–
    വൈഭവം,സൽസ്വഭാവം,
നീരിത്താർപത്രനേത്രൻതിരുവടിയിലലം
    ഭക്തിയെന്നിത്തരമോർത്താ–
ലാരിദ്ധാത്രീന്ദ്രമുക്താമണിയൊടുകിടയാ–
    യുള്ളപാരുള്ളിലിന്നും ? 22

ചേലിൽത്തച്ചരിതംബാല്യ–
കാലത്തിൽത്തന്നെയൂഴിയിൽ
തൈലത്തിൻബിന്ദുതാനംഭോ–
ജാലത്തിൽപോൽപരന്നതേ. 23

ഓരോതരംപൃഥുനൃപാലഗുണങ്ങളാളി–
മാരോതിടുന്നതഖിലം നിരുപിച്ചുനിത്യം
കാറോടെതൃത്തകചമാക്കണിമൌലിമാല
വേരോട്ടതന്നഭിനിവേശമവങ്കൽവെച്ചാൾ. 24

കുന്നുവെന്നകുചമാർതൊഴുന്നൊര–
ത്തനപിതന്നിൽനരനാഥചിത്തവും
മന്ദമന്ദപുരുപുണ്യവൈഭവാൽ
ചെന്നുചേർന്നുകൃതകൃത്യമായിപോൽ. 25

ഇരുവരുമൊരുപോലിവണ്ണമന്തർ–
വരണമതന്നുപരസ്പരംകഴിഞ്ഞു

അരികിൽമരുവിട്ടും സരോജബാണൻ
കരുതിയഥാവിധിധന്യനെന്നുതന്നേ. 26

3. ഗദ്യം:- അക്കാലത്തിലഖിലവിപുലാപാലകുലകലാപമായ് ലസിയ്ക്കും കാന്ന്യകുബ്ജാധിപതി ജയചന്ദ്രൻ നന്ദിനിയിലന്നിനിയ നവയൌവനയാമിനീനാഥോദയത്താൽ ദിനമനുവർദ്ധമാനമാകുമസമാനലാവണ്യജലനിധിപാനീയപൂരത്തിൽ നയനദ്വയത്തെ നിമജ്ജനനായ് വിശിഷ്ടകുലപ്രസൂതി വിപുലതരഖ്യാതിയിവയാലുമതുപോലമലശരീരാഭിഖ്യയതുലകലാവിചക്ഷണത യിവയാലുമിസ്സരിൽപതിസമാവൃതമായ ധരിത്രീമണ്ഡലത്തിലവനീശ വംശത്തിന്നലങ്കാരഭൂഷണങ്ങളായ് വിളങ്ങുമൊരു യുവാക്കളിലേവനൊരുവനസ്സുന്ദരിതൻ പാണിഗ്രഹണത്തിന്നർഹനെന്നമന്ദമന്തരാ വിചിന്തനം ചെയ്തു സന്തപ്തഹൃദയനായ് തന്നേയും ചതുർമ്മുഖനേയും നിന്ദനം ചെയ്തു സാരന്മാരായ ചാരന്മാരെയോരോ രാജധാനിതോറുമയച്ചു വിചാരണ ചെയ്യിച്ചുമസംതൃപ്തനായൊരുദിനമാസ്ഥാനമണ്ഡപത്തിൽതനാടെ മുഖ്യാമാത്യന്മാരെയാഹ്വാനം ചെയ്തവരോടീവിധം മധുരമായ് കഥിച്ചു :

'എന്നേത്ര ചന്ദ്രികവളന്നുമനോവിഷാദ-
മെന്ന്യേവയസ്സിലധുനാപതിനാറുപോക്കി
ഇന്നേതുകൊണ്ടുമിതവാംകവിവാഹകാലം
തന്നേനിനസ്സിലൊരുതർക്കമശേഷമില്ലാ. 27

ശീലം, കുലം, സുഷമ, വിദ്യതുടങ്ങിയോരോ-
ന്നാലും കുമാരിയൊടുചേർച്ചയെഴും യുവാവെ,
കാലം കഴിഞ്ഞതുകഴിഞ്ഞുവരാംഗിയാംകു
മേലെങ്കിലും ഝടിതിവല്ലഭനാക്കിടേണം. 28

വൻപൊാത്തോരുർവരാധീശ്വരർവിലസുവതാ-
യിണ്ടദേശങ്ങളൊന്ന-
ല്ലൻപത്താറുണ്ടവയ്ക്കുപ്പുറമതിലധികം
ദ്വീപവുംലോഭമെന്ന്യേ
അൻപൊാഞ്ഞന്നാലുമമ്പ്ജാസനനതികഠിനൻ
തന്വിമാർമുന്നിൽനിൽപ്പോ-
രെൻപുത്രിയ്ക്കൊത്തധാത്രീരമണനൊരുവനെ-
ദ്ധൂത്തിനാൽതീത്തതില്ലാ. 29

അനുരൂപനൊരുത്തനെൻമകൾക്കീ-
മനുജാധീശകുലത്തിലേവനിപ്പോൾ ?
അനുതാപമിതോത്തുവാഴ്കുമെന്നു-
ള്ളിനുശൈത്യംവരുമാറുരച്ചുകൊൾവിൻ. 30

വിമതശമനനാംനൃപാലനേവം
സ്വമതമുരച്ചതുകേട്ടതൽസ്സദസ്സിൽ
പ്രമദമൊടുസുമന്ത്രകൽപനാകം
സുമതികഥിച്ചിതുസൂക്ഷ്മബുദ്ധിയോടേ; 31

'ശകലമിവിടെനോക്കേണ്ടന്ധരായ് ഹന്ത!രാവും
പകലുമിതുവരെയ്ക്കുംപാത്തുനാമാത്തിനേടി;
സകലസുഖവുമുണ്ടായ് ദുഃഖമെല്ലാക്കുമൊന്നി-
ല്ലകലുമരചനാംനീയീവിധംചെയ്യതാകിൽ. 32

ഭൂഭാഗത്തിങ്കലൊക്കെപ്പുതീയൊരുപുകഴാം
പൂർണ്ണിമാചന്ദ്രമസ്സിൻ
ശോഭാഗർവ്വംനശിപ്പിച്ചൊരുശുഭനടപാ-
വാടപാടെവിരിച്ച്

താപാപേതംജയശ്രീവധുവൊടുപതിവായ്
ജ്ജൈത്രയാത്രയ്ക്കൊരുങ്ങും
ക്ഷ്മാപാലോത്തമംസമൃത്താംപ്പൃഥുനൃപതിയെ നീ
കഷ്ടമേ!വിട്ടുമന്നം. 33

ശ്രീനിതാന്തമെഴുമിക്കുമാരിപോയ്
മാനിയാമവനിൽമാലചാർത്തണം
വാനിലാഭയൊടുപൊങ്ങുമിന്ദുതാൻ
പൂനിലാവിനനുരൂപവല്ലഭൻ.'
രാട്ടീമട്ടുകൾകേട്ട—
ക്കട്ടത്തീയൊത്തുപെട്ടദൃഷ്ടികളെ
ത്തട്ടൊട്ടുരുട്ടിക്കൈത്താർ
കൊട്ടിപ്പൊട്ടിച്ചിരിച്ചുരച്ചിതിദം: 35

മതിമതിചെവികൊണ്ടെന്തെന്തുഞാൻഹന്ത! കേൾക്ക—
ന്നതുകിതവനവൻമൽകന്യതൻകാന്തനെന്നോ?
ചിതമിതുചിതമേററംകേകികൾക്കീശിതാവിൻ—
സുതയുടെപതിയുണ്ടോകൊച്ചുനീർക്കോലിയാവു ? 36

നാകത്തിൻമതിൽക്കൂടെവെൺകളിയിടും
നൽക്കീർത്തിയെക്കാത്തൊരെ—
ന്നേകച്ഛത്രമതിൻനിഴൽക്കുതടവു—
ണ്ടാക്കുംനൃപക്കന്നരെ
പാകംനോക്കിമറിച്ചുഞാൻപടുകുഴി—
ക്കുള്ളിൽപതിപ്പിച്ചിടാ—
താകണ്ടുംപ്രമദാബ്ധിതന്നിലവരൊ—
ത്തിച്ചുച്ചുമജ്ജിക്കുയോ? 37

ഇതെന്തുകഥഹന്ത! നീമതിമറന്നസംബന്ധമെൻ-
ഹൃദന്തമതുചുട്ടിട്ടു:പടിസദസ്സിൽവെച്ചീവിധം
സ്വതന്ത്രതകവിഞ്ഞുരപ്പതിനുഹേതുവെന്തോക്കിൽ നിൻ-
മദാന്ധകൃതിതന്നെ'യെന്നവനിജ്ഞാനിചീത്തോതിനാൻ 38

പൊന്നാലല്ലോകറുക്കുന്നതുഭുവിഹൃദയം
പൂരുഷക്കേറെവിത്തം
മുന്നാളേകത്രദർശിച്ചളവതുപൃഥുതൻ-
നാട്ടിലുറപ്പെട്ടതാവാം
എന്നാലോചിച്ചിളക്കിസ്സ്വപുരമതിലണ-
ച്ചീടവേപാടവാൽഭൂ-
വെന്നാളുംകാന്യകുബ്ജക്ഷിതിപനതുതന്നി-
ല്ലെന്നുതർക്കിച്ചെതിർത്താൻ. 39

എന്നേമോഹത്തിനുണ്ടാംകരകവിയൽ! പൃഥു-
ക്ഷ്മാധവൻജ്ഞാതിബാലൻ
മുന്നേതാനോമുറയ്ക്കിപ്പൃഥിവിമുഴുവനും
വെന്നധന്യാഗ്ര്യനത്രേ
ഇന്നേരെച്ചൊൽവതെന്തിന്നിവമനസിമറ-
ന്നൊക്കെയുംശീഘ്രയുദ്ധം
തന്നേകർത്തവ്യമെന്നോർത്തിതുബത! ജയച-
ന്ദ്രാഭിധൻഭൂപതീന്ദ്രൻ. 40

ഒരുപോരുരുഘോരമായ്‌ത്തുടന്നാ-
രിരുപേരുംപുരുവീര്യരത്തരത്തിൽ
ധരപാരമഹോ! കുലുങ്ങിവാനിൽ
കരഘോരുകളെവേട്ട ശൂരരെല്ലാം. 41

ആയുദ്ധത്തിലനൽപമായ വിജയം
 ന്യായത്തെമുൻനിത്തുവാ—
നായിത്തോന്നിയപൃഥ്വിളായുവനൃപ—
 ന്നായത്തമായെത്രയും
ശ്രീയെത്തുംജയചന്ദ്രനശ്രുനദിയിൽ
 കായത്തെമുക്കിപ്പരം
ഹ്രീയെത്തൻതലമേൽചുമന്നുനഗരേ
 പേയൊത്തുപോയെത്തിപോൽ. 42

ലോകപ്രസിദ്ധമിതുമന്ത്രിയറിഞ്ഞുതന്നേ
നാകപ്രഭുപ്രതിമനാംനൃപനോടുവൈരം
പാകപ്പെട്ടംപടികഥിച്ചിത, മാത്യനെന്നു—
മേകപ്രമാണമിഹനല്ലതുചൊൽവതല്ലോ. 43

നരവരനത്തരമായി—
ത്തീരുമളവപ്പുണ്ണമെങ്കിലാകട്ടെ
വരുവതുവരുമതുനീക്കാ-
നൊരുവനുമില്ലെന്നുചൊല്ലിമന്ത്രീന്ദ്രൻ. 44

"ഏതായാലുമമാത്യരേ! വിരവിൽനാം
 ശ്രീരാജസൂയാദ്ധ്വരം
വീതായാസലവംകഴിപ്പതിനുറ—
 ച്ചീടുന്നു, നാടൊന്നിലും
നേതാവാംനരനിമ്മഖത്തിനണയാ—
 താകെചൊല്ലലോകോല്ലസ—
ച്ച്ശ്രീതാവുംമമകന്യകസ്സുമത്തുകാ—
 ലബ്ധനാകിലുദാഹരണം. 45

നാനാദേശങ്ങളാകും നരപതികൾ നവീ-
നച്ഛവിക്കൊച്ചവാട്ടും
സേനാവൃന്ദത്തൊടൊന്നിച്ചിഹസദസി ലസി
ച്ചീടുവാൻ വന്നു ചേർന്നാൽ
മാനാതീതപ്രതാപം, മഹിതകല, യശ -
സ്സു, ക്ഷമാം സൌകുമാര്യം
ഭൂനാഥർക്കുള്ള മററുള്ളൊരു ഗുണഗണവും
കന്യകക്കൂന്നു കാണാം. 46

നവനീരദനീലവേണിയന്നാ-
ളവനീനാഥരിലാരെ വേട്ടിടുന്നു
അവനീമമനാടടക്കി മേല-
നാവനീതാംഗിയൊടൊത്തു വാണിടട്ടെ 47

പാണ്ഡ്യക്ഷ്മാപാലഭാഗ്യാൽ കരപരിണതിയായ് -
പ്പുണ്ടുഭൂഖണ്ഡമൊട്ട-
ക്കൊണ്ടുള്ളോരപ്രമേയാധിപസന്തനെ വെടി-
ഞ്ഞന്യനിന്നാരുവരെട്ടും
വേണ്ടും വണ്ണം നടത്താത്തൊരു വിവിധ ഗുണം
ചേരുമീ രാജസൂയം-
കൊണ്ടുവ്വീശർക്കു കൂട്ടം പ്രതിയൊരു പുകഴും
പുണ്യവും ഗണ്യമല്ലേ. 48

മിടുക്കെഴുന്നവനിപരിഷ്കഖത്തിനാ-
യടുക്കളപ്പണിമുതലേതുവേലയും
എടുക്കണം വിമതരെ വെന്നു നാമതി-
ന്നൊടുക്കി വെട്ടുണ'മിതി ഭൂപനോതിനാൻ 49

4. ഗദ്യം:— തദനന്തരമനന്താഭോഗവതിയെങ്കിലുമനാശ്രിതഭുജംഗയും, വസുമതിയെങ്കിലും വസുമതീതിലകവും, യതികൾപോലെ പുണ്യശ്ലോകാവാസവും നിഗമവിരാജിതയും, ഭൂഭൃൽക്കടകങ്ങൾ പോലെ സാലവതിയും മണിപൂർണ്ണയും, ഗണികൌഘലംപോൽക്ഷൌമാലംകൃതയും സമാസേവിതഹംസയും, വാമകളെങ്കിലും ദക്ഷിണകളും നവസുധാഭാരതികളെങ്കിലും വസുധാഭാരതികളുമായ സർവ്വാംഗസുന്ദരികളാൽ സർവദാ ശോഭായമാനയുമായൊരു നഗരി വാരം വാരം മഹാധ്വരസംഭാരങ്ങളാലൊരു നവീനയായ സുഷമയെ ധരിച്ചു.

5. ഗദ്യം:— അസ്സപ്തതന്തുവോടുകൂടിത്തന്നെ കാന്യകുബ്ജകുലതന്തുവായി ബലിയായി ദാനവീര്യവിജിത ബലിയായി സകലഭൂപാലദത്തബലിയായി സുകവിവാക്കുകൾപോൽ പ്രാസങ്ങളാലും വർഷകാലാഗമനംപോൽ ഘനങ്ങളാലും ശരൽപൌർണ്ണമാസിപോൽ ചന്ദ്രഹാസങ്ങളാലും സന്ധ്യാംബരംപോൽ വിവിധപത്രികളാലും സവിശേഷം സമുല്ലസിക്കും പുന്നാഗപൂർണ്ണകളായ വാഹിനികളോടുകൂടി രത്നാകരമായി വിളങ്ങുന്ന ജയചന്ദ്രൻ തന്നുടെ സുജാതാഭിധയായ കന്യകയ്ക്കു സ്വയംവരോത്സവത്തേയും നടത്തുവാനുദ്യോഗിച്ചു.

അന്നാസ്വയംവരവുമധ്വരവും കഴിപ്പാൻ
മന്നൻതുടർന്നളവിലർജ്ജുനവാസവന്മാർ
ഒന്നിച്ചുചേർന്നൊരുവപുസ്സുലഭിച്ചിടാതെ
നിന്ദിച്ചുതങ്ങളെവെറുപ്പൊടുകാമുകന്മാർ. 50

കാരോത്തരത്തിലുളവാററമണീഗൃഹങ്ങൾ
നേരോടുതൽപ്പുരിയിലസ്സമയത്തുയർന്നു

നേരിട്ടൊരേപൊഴുതമൎത്ത്യരെവേറെവേറെ
കേറിക്ഷണിപ്പതിനുപോംനൃപദൂതർപോലേ. 51

നാലാശതോറുമമരുംനരപാലകന്മാർ
ബാലാവിവാഹകഥകേട്ടധികംതെളിഞ്ഞു
ചേലാൎന്നതച്ഛ്രുതികൾജന്മശതേഷുചെയ്ത
വേലാവിലംഘിസുകൃതംഫലമാണ്ടിതപ്പോൾ. 52

സന്ദേശഹാരികൾതദാനഗരങ്ങൾതോറും
ചെന്നേറെവേഗമവനീശ്വരരെക്ഷണിച്ചു
മുന്നേകടന്നവരണോത്സവവാൎത്തചൊല്ലും
കുന്ദേഷുവിന്നുടനകമ്പടിപോയപോലെ. 53

ആമോദ,മത്തർപനിനീരിവയെച്ചൊരിഞ്ഞു
ഭൂമൌപുരസ്ത്രീകൾവളൎത്തിപരംതദാനീം
പ്രാമാണികത്വമെഴുമപ്പുരിയെക്ഷണത്തിൽ
പൂമാതുതൻപുതിയനാടകശാലയാക്കി. 54

മന്ദേതര:ധരണിപാലകർമത്തരായി-
ച്ചെന്നെത്തുവാൻനടത്തുടൎന്നുമഹാമഖത്തിൽ
മുന്നേകടന്നവിടെയോടിയമാനസത്തെ-
ത്തന്നോടുപിന്നെയുമണപ്പതിനെന്നപോലെ. 55

തള്ളിപ്പുറപ്പെട്ടുമൊരാനൃപപങ്ക്തിതന്റെ
വെള്ളിപ്പതാകകളെയുംഹൃദയങ്ങളേയും
പള്ളിസ്സുരാസമസമേഷുകുലച്ചനേരം
തുള്ളിച്ചിതാശുഗമൊരേസമയത്തുതന്നേ. 56

അത്തന്വിയെപ്പുരമരവെന്നുപരിഗ്രഹിപ്പാ-
നെത്തുന്നഭൂപർചതുരംഗബലംനടത്തി

വിദ്യാധരാദിയിലുമീർഷ്യമുഴക്കകൊണ്ടോ
മെത്തും,പൊടിത്തുകിലിനാൽഗഗനംമറച്ചു? 57

ഭ്രൂപവ്രജംഗതിതുടൎന്നളവെത്തിടുംമേൽ
സാപത്ന്യമിപ്പുരുഷർവഞ്ചകരൊക്കെയെന്നോ
കോപിച്ചുതൽപ്പുരികളായവർപോംവഴിക്കു
പാപം! പ്രജാവലിയെയൊക്കെയടിച്ചുതള്ളി? 58

ശിഷ്ടംപുരന്ദരനസുഖമായ് വിലസുന്ന,മൎത്ത്യ–
ക്കൂട്ടംചുമപ്പതിനുഞാനൊരുദിക്കമാത്രം
പെട്ടന്നിതോൎത്തുജയചന്ദ്രപുരംകരഞ്ഞോ
ചട്ടററവീഥികൾജലാർദ്രതതത്രപൂണ്ടു? 59

വർണ്ണിപ്പാനെൻപുറത്തോവലരിപുസഹജൻ
വാസുദേവന്നുറക്കം?
മുന്നില്ലാതുള്ള മോടിപ്പുതുമമുഴവനും
ചേൎന്നൊരക്കാന്യകുബ്ജം
വിണ്ണിന്നുംവിസ്തൃതശ്രീവിലസുമൊരളകാ–
പത്തനത്തിന്നുമപ്പോൾ
കുന്നിച്ചോരാഭിജാത്യക്കുറവുപറവതെൻ–
നാവതിന്നാവതല്ലാ. 60

6. ഗദ്യം:— അവ്വണ്ണം ജയചന്ദ്രചക്രവൎത്തിയുടെ രാജധാനിയിൽ ഗാന്ധാര,കാംബോജ, സൌവീര, മാഗധ, പുണ്ഡ്റ, കലിംഗ, മാളവ, കുന്തള, കൊങ്കണ, മഹാരാഷ്ട്ര, ചോള, കേരള, ചേര, ബല്ലാല, ഭോജാന്ധ്രാശ്മ കാരട്ടാ, വന്ത്യാ, നൎത്ത, വംഗാം, ഗ, കാമരൂപപ്രമുഖങ്ങളായ ജനപദങ്ങളിലെ മഹാരാജാക്കന്മാർ സപരിവാരം ചെന്നു ചേൎന്നപ്പോൾ

അവരവരെയവർക്കുള്ളാഭിജാത്യത്തിനൊപ്പം
നൃവരനുപചരിച്ചാൻ ചെന്നുതാൻതന്നെശീഘ്രം
ഭവനമതിലൊരാളെത്താൻക്ഷണിച്ചാൽമനീഷി-
ക്കുവനതുവെടിവോളംഭൂമിയിൽസ്വാമിയത്രേ. 61

കനസാംപിലരുംമനസ്സുകേടിൻ-
മുനതേഞ്ഞുതറുത്തുകൊണ്ടുമററുപേരും
ജനനാഥഗൃഹത്തിലെത്തിമേന്മേൽ
വിനയാനന്ദഭയാനചിതംവിളങ്ങീ. 62

തക്കിച്ചിടാതെദാസ്യംധരണിപതികരംചെ-
ന്നീവിധംചെയ്യുതെല്ലാം
നോക്കിഗ്ഗൃദ്ധ്രംപിചണ്ഡത്തെയു,മജതനയൻ
വൈണികൻ കണ്ണീനേയും,
സ്വർഗ്ഗസ്ത്രീകൊങ്കയേയും,പ്രമഥസമുദയം
ജിഹ്വയേയും,നൃപാല-
ന്നൊക്കുംസൈന്യംപ്രവേഷ്ടത്തെയുമൊരുപൊഴുതേ
ഹന്ത!നിന്ദിച്ചുനിന്നു. 63

നവ്വൃക്ഷമാപതികളുംപരിപന്ഥിചക്ര-
ദ്ദുർവ്വീക്ഷ്യനായജയചന്ദ്രനദാസരായി
ഗർവ്വക്ഷയത്തൊടുവസിപ്പതുകണ്ടുരണ്ടാം
പർവ്വക്ഷപേശനവനാന്നിതതിപ്രസാദം. 64

തന്നെക്കൈക്കുപ്പിമേവുംധരണിപതികളോ-
ടൊത്തുമദ്ധ്യേസമാജം
മന്നന്മാർമൌലിമാലാമഹിതമണിമനോ-
ജ്ഞാസനാവാസനായി

പൃഷ്ഠാനന്ദംവിളങ്ങുന്നളവുതുരഗവേ–
ഗത്തിനാൽഗന്ധവാഹൻ–
തന്നെക്കാൾകീഴമക്കുന്നൊരുതരുണപുമാൻ
സന്നിധൌവന്നുചേൎന്നു. 65

ആരിതെത്തിട്ടുടനെ തന്നശങ്കയ–
ബ്ഭാരതത്രിദശനാഥർകൊള്ളവെ
വാരിദസ്തനിതഗർവ്വടക്കിടും
ഗീരിതിത്തരമുരച്ചുദ്ധതനും: 66

‘കർപ്പൂരദേവീസോമേശക്കൽഭൃതനനഘൻപൃഥ
ഉൎവ്വിൽ ഭൂപ! കരുതിതൽഭൃതിയിതുചൊല്ലിനാൻ 67

പണ്ടാരുംതന്നെനേടാത്തൊരുപരമയശോ–
ലക്ഷ്മിയിൽകാംക്ഷയെത്തി–
ക്കൊണ്ടാലെല്ലാംകഴിഞ്ഞൊന്നയിവിപുലമനോ–
രാജ്യസച്ചക്രവൎത്തിൻ!
ഉണ്ടാകൊല്ലേതുമുള്ളിൽ, ശിശുശശികലയോ–
പ്പമാവാനോമലാളെ–
ച്ചണ്ഡാലൻദിവ്യസാവിത്രിയെയുമിളയിൽനി
ന്നുണ്ടതായ്കണ്ടതുണ്ടോ? 68

ഞാനേകനല്ലതുവിലക്കുവതിന്നുരാജ–
സ്ഥാനേശനാംസമരസിംഹനുമുണ്ടതോൎത്താൽ
മാനേഹതെല്ലിനിയുമങ്ങുഭവിക്കുകിൽപോർ
താനേതുകൊണ്ടുമയിവേണ്ടതുനമ്മൾതമ്മിൽ. 69

അതിന്നുമുമ്പെങ്ങിനെസാർവ്വഭൌമ–
പദംനിനക്കായതുകൊണ്ടിടാനീം

തദുന്നതിസ്സത്തമമാർഗ്ഗമോർത്തു
രഥംനടത്തിസ്സുരണാങ്കണത്തിൽ.’ 70

കാളുന്നതീയുടയകണ്ണൊട്ടുകൽക്കിതന്നെ—
ക്കാളുന്നിറഞ്ഞകടുരുട്ടുകതാരിലേറി
ആളൊന്നുമാറിയധരംമുറുകെക്കടിച്ചു
ചീളെന്നുദ്ധതനൊട്ടുഭ്രൂപനമിത്ഥമോതി: 71

‘ഹാ! ധിക് കാലംമറഞ്ഞാലതിനുമൊരതിരി—
        ല്ലെന്നതോ? മന്നിൽനേത്ര -
വ്യാധിക്കാവാസമിപ്പോംക്ഷിതിപകിതവരോ?
        വൃദ്ധനാംശ്രാദ്ധദേവൻ
ആധിക്കാകാതെമർത്ത്യക്കവിടെവലുകയോ?
        ചെന്നുചെന്നെല്ലുകേറി—
ബ്ബാധിക്കാറായിതല്ലോമുസലമതിനെയും
        ഭൂമിയീമട്ടുമായോ? 72

പണ്ടയ്യോ! ബാലനെന്നോർത്തയിഹൃദയ! ഭവാ—
        നാർദ്രനായ്ത്തീർന്നമൂലം
വെന്തല്ലോരുട്ടിലിപ്പോൾസുദൃഢമൊരുകുഴി—
        യ്യൊന്നുപോൽകുന്നുഭ്രമൌ
ദണ്ഡംവേണ്ടാട്ടെദേവേന്ദ്രനാടിവർചരികിൽ
        തക്കസൽക്കാരമേകാൻ
വേണ്ടുംവണ്ണംനിയോഗിച്ചിടുകചിറകസു -
        ക്കാംകമൽഖഡ്ഗമേകം. 73

വേഗംപൊയ്ക്കൊൾകദൂതാധമ! യമനയനം
        കാട്ടിനീനിൽക്കിലാമു-

കെതൗഘലംപത്രാംഗമോമൽക്കളഭമിവപെട്ടം
ധാത്രിയാലാത്തരാഗം
മൈ കൊണ്ടാശ്ലിഷ്ടനായ്ക്കണ്ണിണയുമടയവേ
സംസ്ഥിതൻസ്വാമിതൻസ്ത്രീ-
ലോകത്തിൻബാഷ്പധേയത്തിനുമറുകരനീ
ചെൽകിലും കാൺകയില്ലാ.' 74

ദൂതൻഗമിച്ചളവുഭൂപ വചസ്സിനാൽതൻ-
മാതംഗവാജിരഥയോധകുലംനടത്താൻ
ആതങ്കമററരികിൽവാഴമന്നീകിനീശ-
വ്രാതംകടന്നകരളിൽകവിയുന്നകോപാൽ. 75

ഇത്ഥമഭിക്രമമതിനുസ-
മുദ്യമമിയലുന്നഭൂപസൈന്യത്തെ
പാത്തുമനസ്സിൽഭീതിയൊ-
ടുത്തമനാംതൽപുരോഹിതൻചൊന്നാൻ: 76

'നാലേനാളുള്ളുയാഗത്തിനുനരവരരോ
നാഥ!നിൻനാട്ടതേടി-
ച്ചാലേവന്നെത്തി; കന്യാപരിണയവുമിനി-
ക്കാൽക്ഷണംനിൽക്കയില്ലാ
മാലേകുംയുദ്ധമാക്കം, മഖമതിനിതുപോൽ
മംഗളത്തിങ്ങളൊന്നി-
ക്കാലേമററില്ലതാനും, സപദിസമിതിയോ
കാര്യമെന്നായ്യബുദ്ധേ! 77

മററിപ്പോളൊരുകാര്യമെന്തു?ദുരിതം
പേത്തു.മുഹൂത്തംകുറെ-

ത്തെററിപ്പോകിൽവരാം,രിപുപ്രതിമവെ-
ച്ചീരാജസൂയാധ്വരം
മുററിപ്പിച്ചമുറയ്ക്കുപിന്നെമുഴതി-
ങ്കാംക്ഷൊത്തസൽക്കീർത്തിയിൽ
പററിപ്പാത്തകറുപ്പുരക്തനദിയിൽ
ക്ഷാളിയ്ക്കലീലയ്ക്കുനീ.' 78

അതുസമുചിതമെന്നമാത്യരും ഭൂ-
പതികളുമോതുവതോൎത്തു ചക്രവർത്തി
മതിയിലതുലമാംവിഷാദമുൾക്കൊ-
ണ്ടതിനൊരുമട്ടിലനുജ്ഞനൽകിവാണാൻ. 79

7. ഗദ്യം:—അനന്തരമഭിമന്യുബലനാകുമദ്ധ്വരീശതമന്യുഗതമന്യുവായാ മഹിതമന്യസമാരംഭിയ്ക്കുന്നതിനനൃനവാഞ്ഛര തഞ്ചിത്തത്തിൽ തഞ്ചുകയാൽ പരിസരപ്രാപ്തരായ നൃപരെ വിരവിലോരോ പരിചാരകപ്രവൃത്തിയ്ക്കു യഥോചിതം നിയോഗിച്ചൊടുവിൽ പടുവില്ലാളിയും തടവില്ലാത്ത യശഃപ്രവാഹശോഭിതനുമായ ഭൂഭൃൽകുലാഗ്രണി പൃഥു വിപക്ഷനെന്നു കരുതിയത്യുച്ചദീപ്തിയാമവനുടെ ഭർമ്മപ്രതിഹരദത്തെ സർവ്വകർമ്മങ്ങളിലും ക്ഷത്രിയരാൽ നിന്ദ്യതമമായി പരിഗണിയ്ക്കപ്പെടുന്ന സഭാദ്വാരപാലകസ്ഥാനത്തിങ്കൽ വിനിവേശിപ്പിച്ചു.

തന്നോമൽപ്രാണനാഥൻസദസിവരികയി-
ല്ലന്യനായ്ത്തന്നെനൽകും
മന്നോർമുഖ്യൻതദീയപ്രതിമയെനടകാ-
വൽക്കശീഘ്രംനിറുത്തീ

എന്നോൎത്തെത്തുംവിഷാദാൽപ്രിയനൊടണവതി–
ന്നെന്നപോൽകണ്ണുനീരാൽ
കുന്നോടൊക്കുംകുചങ്ങൾക്കഭിനവമണിഹാ–
രങ്ങൾതന്നംഗിചേൎത്താൾ. 80

കാമൻതൻവില്ലുചില്ലിക്കൊടിയിലരിശമാ
ണ്ടമ്പുടൻപെയ്തിതും,ച്ചേ–
ന്നാമന്നൻകാമനെന്നോൎത്തകതളിരെരിവാൻ
ശംഭുതീക്കൺമിഴിച്ചു
സോമൻനീർകജ്ജളേചേൎന്നുമനസിനിന–
ച്ചാൎത്തിപോയ്പാൎത്തു,പെണ്ണി–
ന്നോമൽപോർകൊങ്കയെപ്പോൽവിധിയുടെമനവും
പൂൎണ്ണകാഠിന്യമാൎന്നു 81

ഹാവിഷ്ടപേശ!ഭഗവൻ!ഹൃദയാൎത്തിയാൽതെ–
ല്ലാവിഷ്ടയാകിലടിയന്നവലംബമില്ലേ
നീവിട്ടനിൽക്കവെഴിയൊന്നഗതിസ്ത്രീവണ്ണം
വാവിട്ടുതന്നെമുറയിട്ടുവരാംഗിയപ്പോൾ 82

അതുകേട്ടൊരുതോഴിചൊല്ലിനാൾ:
‘ഗതികെട്ടിങ്ങിനെഖേദിയാസ്സനീ
മതികെട്ടയുവക്ഷമേശനെ–
സ്തുതി!കിട്ടുംതവകാന്തനായ്ക്ഷണം.’ 83

‘പേൎത്തുംഞാൻചെയ്തപാപംപ്രിയസഖി!പെരുതി–
ന്നേവമെൻജീവനാഥൻ
ധൂൎത്തല്ലെന്നെത്യജിച്ചാൻദ്രുതമവനി,തര–
ന്നച്ഛനുംനിശ്ചയിച്ചു

യുദ്ധംപോൽരണ്ടുപേൎക്കും,യുധിവളരുവതോ
ദുഃഖമേവൎക്കു,മെന്തി—
ന്നിത്ഥംഞാൻവാഴ്ചതെ,സ്വാമിവളുടെവഴിയാ—
യെന്നതുംവന്നിതല്ലോ. 84

ഓരോരോഗ്ഗൂഢസഞ്ചാരികളുദിതരസം
ധന്യയാംനിന്നെയല്ലോ
ധീരോദാത്തൻനിരൂപിപ്പതുകരുണതരി—
മ്പില്ലയോചൊല്ലിയാലും
ക്രൂരോടേവംകഥിക്കുന്നളവൊരുമൊഴിയും
വ്രീളയാലാളിയോതാ—
ഞ്ഞാരോമൽക്കാന്തനെന്നിൽപെരുതരിശമിയ—
ന്നീവിധംചെയ്യുതാമോ? 85

ഏതായാലുംതദന്തൎഗ്ഗതമറിവതിനു—
ണ്ടാശ,കാശാവദാത—
ശ്രീതാവുംകീൎത്തിതിങ്ങുംനൃപനവനിവളെ—
ത്തള്ളുവാനുള്ളവന്നാൽ
മാതാവുംതാതനുംമൽസഖികളുമകലെ—
പ്പോമൊരിപ്പാമരസ്ത്രീയ്
ധാതാവെച്ചീത്തചൊല്ലിദ്ധരയിൽമുറയിടൊ—
ല്ലൊക്കെമൽക്കൎമ്മമല്ലോ. 86

എന്നിത്ഥമോതുമിളമാൻമിഴിയെത്തടുത്തു
പിന്നെത്തദാളിപലതുംപ്രിയവാക്കുചൊന്നാൾ
വന്നെത്തിയില്ലഫലമൊന്നുമെരിഞ്ഞിടുന്ന
തന്നന്തരംഗതടത്തിലവചെയ്തുതൈലാസകം. 87

അന്നേരമത്തരുണിതൻസവിധത്തിലെത്തി
മന്ദേതരംസുമതിയാംസചിവപ്രമാണി
മുന്നേനൃപന്നവളിൽവാസ്സുമൊരാശയെല്ലാം
ചൊന്നേറിടുന്നൊരഴലൊട്ടുകുറച്ചുകൊണ്ടാൻ. 88

8. ഗദ്യം:— തദനന്തരവും ദുരന്തചിന്താസന്തതിയാൽ നിരന്തരാക്രാന്തഹൃദന്തയായ സുന്ദരീവൃന്ദകുന്തളാലങ്കാര സുജാത ജാതവേദസ്സിൽ ജാതപാതമായ ജാതീലതാപോതം പോലെ വാടി പ്രാദുർഭൂതമാം പ്രഭൂതഖേദത്തെ നിയന്ത്രിതമാക്കുവാനസമർത്ഥയായി പ്രാണനാഥനു തന്നോടുള്ളനുരാഗത്തിലും സന്ദേഹംപൂണ്ടൊരു സന്ദേശപത്രമെഴുതിസ്സുദതിനാമധേയയായ തന്നുടെ സഖീമുഖ്യയുടെ കരതലത്തിൽ നിക്ഷേപിച്ചു.

'സ്വാമിൻ! മൽപ്രാണ—വേണ്ടെന്തിനുമതി, ധരണീ—
നാഥ! ചേതസ്സശേഷം
നീമുന്നംകട്ടഭീതിത്ര പകളകലെയായ്—
ക്കൊണ്ടുദുർദ്ദൈവഭ്രമാ
കാമംത്വദ്വേഷണന്മാക്കധിപതിജയ—
ചന്ദ്രൻെറസന്താനമെന്നാ—
യീമുഗ്ദ്ധസ്ത്രീയെനീയോർക്കുകസുകൃതിഫലം—
ചാർത്തുമുത്തംസമുത്തേ! 89

പണ്ടെന്നെത്തന്നെവേൾക്കുന്നതുമനമതിൽമ—
റ്റില്ലനല്ലാരിവണ്ണം
ഖണ്ഡിച്ചോതി, കഠോരക്രിയജനകനുറ—
സ്സുകന്നാരിന്നാളിൽമൌനം

പൂണ്ടെന്തയ്യോ!വസിയ്ക്കുന്നതുപുരുകരുണാ–
പീഡമേ!പീഡമേമ്മേൽ
ദണ്ഡിപ്പിയ്ക്കുന്നദൈവാഹിതയഗതിയഹം
ദൈന്യമെന്നോട്ടവേണ്ടേ? 90

ഹേരാജശേഖര!വോൻബത!ഭൂതിഭൂഷൻ
സ്വൃജ്ഞനി,ങ്ങബലബാലികഭീരുവാംഞാൻ'
കന്ദർപ്പ ോവിഷമബാണനിതൊക്കെയോർത്തു
കാലോചിതംകരുണയാകരണീയമെന്നിൽ. 91

എന്നേവമന്നേണചലാക്ഷിനൽകിടും
സന്ദേശമാംപ്രാഭൃതംസഖീമണി
മന്ദേതരംമാനവനാഥസന്നിധൌ
ചെന്നേമോദത്തൊടുകാഴ്ചവെച്ചതേ. 92

വാഴ്ത്തമോവാങ്ങിവായിച്ചുള തുസ്സുധാ–
വല്ലഭന്നുള്ളിൽവാച്ചോ–
രത്യാനന്ദം?ഹതാശൻമദനനതിന്നിട–
യ്ക്കുന്നൃപൻതൻവപുസ്സിൽ
പൊൽത്താരമ്പെയ്യുതിന്നില്ലറുതി,പൊറുതികേ–
ടില്ലിനിത്തെല്ലിന്നിയ്ക്കെ–
ന്നോത്താപ്പുണ്യാബ്ധിപന്നീടുപചിതകുതുകം
ദൂതിയോടോതിയേവം: 93

'ഭദ്രേ!ഭാവിപ്പതെന്തിപ്പരിഭവമിവനിൽ?
പണ്ടുനാംരണ്ടുപേരും
ചിത്തേചിന്തിച്ചതല്ലോചിരമിതു,ചിലനാറാം
ക്കള്ളിലീയല്ലചെല്ലാം

തീൎത്തേകും ദിവ്യസൌഖ്യം ത്രിഭുവനപതിയെ—
ന്നോൎത്തു നീ ഹൃത്തിൽ നിത്യം
മൂൎത്തല്യം കൊങ്കമാർതൻ മകുടതടമണേ!
വാഴ്ക മാഴ്കാതെതന്നേ. 94

മാനത്തെക്കാത്തു രക്ഷിക്കുക മഹിയിൽ മനു—
ഷ്യൎക്കു മുഖ്യം, നരേന്ദ്ര—
ശ്രേണിക്കാ ചൊൽവതിന്നില്ലതു; തവജനകൻ
താനുമീഞാനുമായി
വേണം യുദ്ധം വിചാരിക്കുകിൽ വിധിവിപരീ—
തത്തിലാണത്തലേത്തും
നീ നിന്നരത്തട്ടിൽ വസ്സേണ്ടുമരുകവിടെ ഞാൻ
വന്നുചേരുന്നതോളം.’ 95

എന്നിത്ഥമോതിടുക നിൻസഖിയോടു ചെന്നു
മന്ദിച്ചിടാതെ മറിമാൻമിഴി! ധൈൎയ്യമല്ലോ
മന്നിൽ ജനത്തിനവലംബമിവണ്ണമെല്ലാം
ചൊന്നായവാക്കവിട നൽകി നരാധിനാഥൻ. 96

നരനായകനോതിയ ഭാരതിയും
പരനാം ജനകന്റെ മനോഗതവും
അരുണാധരിയെ പ്രമദവ്യസനാ-
വരണദ്വയമദ്ധ്യഗയാക്കിയലം. 97

തമ്മിൽ കാണാതെപോലും തരുണതരുണിമാ—
ൎക്കീത്തരം ചിത്തരംഗ—
ത്തിന്മേൽ കാമം തഴപ്പിപ്പൊരു കുസുമശര—
ന്നല്ലയോ തൊല്ലയെല്ലാം?

തന്മൌർഖ്യത്താലതാകെത്തടവതിനതരം—
പാൎത്ഥവിദ്വേഷവപ്രം
നിർമ്മിക്കുംനീരസശ്രീനിറയുമൊരുവിധി-
ക്കുല്ലയോനല്ലയോഗം? 98

അതിനിടയിൽനയജ്ഞൻയജ്ഞകൎമ്മത്തിനായാ—
ക്ഷിതിപതിപലമട്ടംകൂട്ടിനാൻവട്ടമേററം
മതിയിലതുമതിൽപിന്നെത്തുമുദ്വാഹവുംതൽ—
പ്രഥിത സഭയിൽവാഴ്‌വോരോൎത്തുപേൎത്തുംതെളി—
ഇന്ദ്രപ്രസ്ഥേശനില്ലിസ്സഭയിലിനിയിവരം. [ഞ്ഞാർ.
കെന്നെവിട്ടന്യവീരൻ—
തന്നെപ്രാൎത്ഥിപ്പതിന്നിദ്ധരയിൽവഴിയുമി—
ല്ലെൻറഭാഗ്യംതഴച്ചു
ഒന്നിപ്പെൺകുട്ടിയെന്നിൽകനിയുകിൽമതിഞാൻ
ധന്യനെന്നേവമേരോ—
ന്നന്നാപ്പൃത്ഥ്വീശരോരോത്താൎത്തകമിളകിമനോ—
രാജ്യസാമ്രാജ്യമാണ്ടാർ. 100

അ നാലുനാളുമൊരുനാലുയുഗങ്ങളാംപോൽ ഭൂ—
വൃന്ദാരകേന്ദ്രർവിഷമിച്ചുകഴിച്ചുകൂട്ടി
എന്നാൽതദീയനയനാംബുവിനാലിളക്കു
പിന്നാൽവരുംപ്രളയമായവരോൎത്തതില്ല. 101

പിറേറന്നാളക്കനൻപോട്ടുദയഗിരിയെയും,
കാമുകാമോദപൂരം
തെററനാച്ചത്തിനേയും,കദനമതനുവായ്—
ക്കന്യതന്നുള്ളിനേയും,

മുററുംമാരേഷുചാപത്തെയു, മഥജയച-
ന്ദ്രാഭിധക്ഷ്മാപതീന്ദ്രൻ
കുററംതീൎന്നുള്ളപീഠത്തെയുമുടനധിരോ-
ഹിച്ചുപോലിച്ചുപോലേ. 102

9. ഗദ്യം:—ആ ശ്രേഷ്ഠതമയായ ഗോഷ്ഠിയിൽ സാൎവ്വഭൌമപദമഖൎവ്വമദാന്വിതനായ് പ്രാപിച്ച ജയചന്ദ്രൻെറ പുരോഭാഗത്തിലിരുവരിയായ് നിരത്തിവെയ്ക്കപ്പെട്ടിരുന്ന കട്ടിപ്പൊന്നാൽ നിൎമ്മിതങ്ങളും നവരത്നഖചിതങ്ങളാകയാലൈന്ദ്രചാപങ്ങളല്ലെന്നാകൃതികൊണ്ടു മാത്രമനമേയങ്ങളും കാന്യകുബ്ജചക്രവൎത്തിയുടെ ഭുജപ്രതാപപ്രതിബിംബങ്ങളെന്നു തോന്നുമാറുജ്വലിയ്ക്കുന്നവയുമാം മഹാസിംഹാസനങ്ങളിലന്നുവരെ നടന്ന യാഗത്തിലിലവെച്ചവരുമെച്ചിലെടുത്തവരും കറിയ്ക്കു നുറുക്കിയവരും പാത്രം തേച്ചവരും പാചകക്കാരും പരിചാരകന്മാരും മററുമായ് കാലയാപനം ചെയ്ത രാജാന്യരെന്നു പറയേണ്ടുന്ന രാജാന്യർ ഞെളിഞ്ഞു കയറി ഞാൻ ഞാൻ സാമ്രാട്ടിൻെറ സന്താനത്തിന്നനുരൂപവരനെന്നു ചിന്തിച്ചു ഹന്ത! ചെന്താർശരന്നു വശംവദമായ ഹൃദയത്തോടും വസിയ്ക്കുമ്പോൾ

ഓരോഭൂഷാവിശേഷത്തിനുമൊരുപൊഴുതേ
ജന്മസാഫല്യമേകി-
ക്കുറോടോമൽപ്പുതുത്തേനൊഴുകിനവരണ-
സ്രക്കിനെക്കയ്യിലേന്തി
ക്ഷീരോദനൽസുതയ്ക്കും ലഘിമയകമതിൽ
ചേൎത്തുവിദ്യുത്തൊടൊപ്പം

താരോട്ടംകണ്ണിചെന്നാരംസദസിസഖിയൊടൊ—
ത്തമ്മഹാസന്മുഹൂർത്തേ. 103

മാനംചേരുന്നമല്ലീശരമഹിതജയ—
സ്തംഭസ്തംഭേൽപതാകാ—
സ്ഥാനംകൈക്കൊണ്ടദൃഷ്ടിസ്സുമൃതമഴപൊഴി—
ക്കുന്നൊരത്തന്വിയാളെ
ആനന്ദാംഭോധിവീചീകലവികളിലനേ—
കായിരംമജ്ജനംചെ—
യ്താനംഗാസ്ത്രാർത്തരാകും നൃപർമിഴികളിരേ—
ക്കണ്ടുകൊണ്ടാടിനിന്നാർ. 104

കാറിന്നാരംച്ചേർന്നതുമിന്നല്ല,മിതുളിനിട-
യ്ക്കുല്ലസിക്കും വിളക്കും
പാരിൽപയ്യായമാംമട്ടവിശദവസനം
ചാരുചേരുംശരീരം
പേറിസ്സർവ്വാംഗസൌന്ദര്യമൊടവിടെവരും
പെൺകുലത്തിൻകലാപം
പോരിന്നൊററസ്സുകാമന്നഖിലരൊട്ടമഹോ!
തദ്ദിനംശക്തിനൽകീ. 105

മാനംമേ,ഭൂതലംമേ,വരതനുരുചിമേ,
കീർത്തിമേ,നൽസ്സുഖംമേ
ജ്ഞാനംമേ,വിക്രമംമേ,തരുണപദവിമേ,
സാഹിതീകൗശലംമേ,
ഗാനംമേ,സൽഗുണംമേ,ഭുജബലമതുമേ,
സൽകുലംമേ,ധനംമേ,

ന്നനം മേ സർവ്വമിത്ഥം നൃപരജനിരപോ–
ലഞ്ഞ് 'മേമേ' കരഞ്ഞാർ. 106

ഇതുപടി നൃപരെല്ലാം വാഴവേ തോഴി വേഗാ–
ലതുലമഹിമകോലം സാർവഭൌമാജ്ഞമൂലം
പുതുമധു വോടെതൃക്കം വാണിയിൽ പാണിനീട്ടി–
ച്ചതുരതരമുരച്ചാൾ ധന്യയാം കന്യയോടായ്: 107

'വാണീകാന്തൻെറ പാണിക്കൊരു പുതു ചിരുതേ!
വാർമുടിത്തയ്യലാളേ!
താണീടാനെന്തു വക്ത്രാംബുജ, മതിൽ നയനാം–
ഭസ്സിനും ബന്ധമെന്തേ ?
കാണിക്കില്ലാട്ടൽഗണത്തെ, ശ്ശരദൃതുവിൽവരും
പൂർണ്ണിമാവാസരത്തിൽ
കാണില്ലം കാറിനണ്ടോ പഴതി, രുളിനിര–
പ്പെന്നു മദ്ധ്യാഹ്നമായാൽ? 108

മുന്നാളെന്നോ വിദർഭദ്രുപദനൃപതിമാർ
കന്യകാക്കായ് നടത്തി–
പ്പിന്നാളാരും നടത്താത്തൊരു പരിണയചി–
ബ്ഭ്രമിതൻസ്വാമിതിണ്ണം
ഇന്നാരാൽ തൻസുധസ്സും വരുവതിനുനിന–
സ്സുന്നമുന്നൂറിനും മേൽ
മന്നാളന്നോരുമുണ്ടിസ്സഭയിലതിൽവരി–
ച്ചാലുമിപ്പോളൊരാളേ. 109

ശൃംഗാരശ്രീകളിസ്സും കനകസദനമേ!
തിണ്ണമിപ്പുണ്യവാൻതാൻ

വംഗാധീശൻ,വരിഷ്ഠാകൃതിഹരിഹയദി-
ങ്മണ്ഡലാഖണ്ഡലാഗ്ര്യൻ
ഗംഗാകാരുണ്യമേകുന്നൊരുഹരിതനിചോ-
ളത്തെനിത്യംധരിക്കും
തുംഗാഭോഗംതദീയംവിഷയമവിഷയം
വാക്കിനെന്നോക്കണംനീ. 110

അവനരികിൽ വസിപ്പോനംഗഭൂപൻഗുണാഢ്യൻ
കവനകുശലനെന്നല്ലംഗമോത്താലനംഗൻ
അവനിൽമമതയെങ്കിൽ തൂർണ്ണമദ്ധന്യനെത്താ-
നവനിപതിതനൂജേ! മാലയിട്ടാലുമിപ്പോൾ. 111

പിന്നെക്കാണുകകാമരൂപനൊരുവൻ
നിന്നോടുചേർന്നീടുവോൻ
മന്നിൽകാമിനി!കാമരൂപപതിതാൻ
ചൊല്ലൊത്തുമിപ്പുണ്യവാൻ
മന്ദിക്കാതിവനെഗ്രഹിക്കുകിൽനിന-
ക്കാബ്രഹ്മപുത്രക്കുകം
കന്നൽക്കാറണിവേണി! വാരിവിഹൃതി-
ക്കായ്ക്കൊണ്ടുപോയ്ക്കൊണ്ടിടാം. 112

അല്ലെന്നാൽകാണുകമദ്രാധിപനരികിലിരി-
ക്കുന്നതിദ്ധന്യനല്ലോ
വില്ലാളിശ്രേഷ്ഠവീരക്കണിമണിയിവനായ്—
ച്ചേരുകിൽചാരുഗാത്രി!
ചൊല്ലാംനിൻകാങ്കയാലുംതവകണവനെഴും
നിശ്ചലത്വത്തിനാലും

തുല്യംനാണിച്ചുകുന്നിൻനിരയുടെകുഹരൗ–
ഘലത്തിൽനിത്യംരമിക്കാം. 113

പോരെങ്കിൽകാണ്മതിന്നപ്പുറമൊരുപുരുഷൻ
കാശിതന്നീശിതാവാ–
സ്സാരൻകാമാരിയെച്ചേർത്തകമലരിൽവിഭ്ര–
തിക്കുന്നൽഗ്ഗേഹമായാൻ
നീരിങ്കൽശൈത്യമെത്തുംപടിയിഹപരമീ–
രണ്ടിലുംഭൂരിസൌഖ്യം
ചേരുംകല്യാണി! മേന്മേലവിടെമരുവിട്ട–
ന്നോരിൽനേരാണിതെല്ലാം. 114

കിഴക്കോളംഭ്രൂപക്ഷ്മകതളിർപറിപ്പാൻകരബലം
കുഴക്കാണെന്നാൽകേരളനരപതികലിംഗാധിപനിവൻ
പുഴക്കാന്തൻനൽകുംപുരുവിഭവമൊത്തുള്ളപുരുഷൻ
മഴക്കാർകൈക്കൂപ്പുംകുഴലി! മടിയോമാലയിടുവാൻ? 115

ഏണീവിലോലമിഴി! തത്സവിധത്തിലാന്ധ്ര–
ക്ഷോണീശ്വരൻമരുവിടുന്നുമഹാകുലീനൻ
വാണീരമാധരണിമാക്കുസപത്നിയായ്‌നീ
വാണീടുമിപ്പുരുഷനെപ്പതിയായ്‌വരിച്ചാൽ. 116

അവന്നരികിൽവാഴവോനസിതചൂളി! ചോളക്ഷമാ-
ധവൻനഗതനൂജയെത്തൊഴുതുവാച്ചവിത്തത്തിനാൽ
കവൻധനദന്നെഴുംപദവി, യക്ഷരാട്ടോർക്കുകിൽ·
ശിവന്നടിമ, നാരിതാൻനരനിലുംബലംവാച്ചവരം. 117

കണ്ടാലുംതത്സമീപത്തപരനെയവനാ–
പ്പാണ്ഡ്യഭൂമണ്ഡലേശൻ

കൊണ്ടാടിസ്സിന്ധുമീനാക്ഷികളിരുതരമാം
        മുത്തുപേർത്തുംകൊട്ടപ്പോൻ
വണ്ടാർപൂവേണി! നൂനംമധുരകരംപുരിയും
        വാക്കുമിക്കുംഭിനീട്ടൽ
കണ്ഠാലങ്കാരരത്നത്തിനു, കരകമലം
        ശ്രീകരംസ്വീകരിയ്ക്കുള. 118

ആവിപ്രക്ഷത്രിയൻനൽത്രിദിവമൊരുദിനം
        ബാഹുജബ്രാഹ്മണൻപോൽ
ഭുവിന്നുംകേരളാഖ്യാന്വിതമരുളിയതിൻ
        നാഥനിൽപ്രീതിയെന്നാൽ
ഹേ! വിദ്യുൽഗാത്രി! കൈക്കൊള്ളുകഗജനിരനിൻ–
        യാനവുംകേശമാംപൂ–
ങ്കാവിൽത്തങ്ങുന്നതെക്കൻപവനനതിലെഴും
        ഗന്ധവുംപൂണ്ടിടട്ടേ. 119

നീകാണപ്പുറമുല്ലസിപ്പതൊരുവൻ
        വീരൻമഹാരാഷ്ട്രഭൂ–
നാകാധീശനവൻധനുസ്സൈര്യമതിൻ
        ബാണംപരന്മാരെയും
ഹേ! കാദംബിനീതോററവേണി! യുഗപ–
        ത്തായ്ത്താൻകലച്ചെയ്യുവേ
രാകാചന്ദ്രവളർക്ഷകീർത്തിവധുപോയ്
        തൽക്കാന്തയായ്ക്കൊണ്ടുതേ. 120

ഇച്ഛാലേശംനിനക്കില്ലിതിലൊരുവനിലും
        തിണ്ണമെന്നാൽകഥിപ്പൻ

പശ്ചാൽദിക്ത്തട്ടകാക്കം നൃപരുടെ ചരിതം
പാൽമൊഴിത്തയ്യലാളേ!
ഇച്ഛാതുഷ്ടംകളിച്ചീടിനമണിസദനം
ഗൂർജ്ജരജ്യാമണാളൻ
ഏച്ചാഞ്ചല്യംവിശാഖപ്രമുഖരിലുമുയ-
ത്ത്രന്നൊരുക്കാന്നവീരൻ 121

ധാരാധവൻസഭയിൽവാഴ്വതുകാണ്കെസർവ്വ-
ജ്ഞാരാധനത്തിനിതുമട്ടമുതിന്നിട്ടന്നോൻ
ധാരാധരംമഴകണക്കധനത്തെയാക്കും
ധാരാളമേകുമൊരുധാർമ്മികനിദ്ധരേശൻ. 122

കെൽപ്പൂറക്കൊണ്ടന്യനണ്ടപ്പുറമമിതകൃപാ-
സിന്ധുസിന്ധുക്ഷിതീശൻ
ചൊൽപ്പൊങ്ങുംവൻതുരുഷ്കപ്പടയെമുടിയുമാ-
റാക്കുമൂക്കെന്നുമാന്നോൻ
ഇപ്പുണ്യക്ഷോണിമാതാംസതിയുടെ തിരുമം-
ഗല്യമോഹൌറിമാർതൻ
നൽപൊൽപ്പോർകൊങ്കയോചെമ്പൊരുപുരുസുകൃതം
കൊണ്ടപാരാണ്ടിരുന്നോൻ. 123

വടക്കൻദിക്ത്തട്ടിൻവലരിപുകുലത്തിൽകമനി! നീ
കടക്കണ്ണിട്ടാലുംനിഷധപതിയിക്കണ്ടപുരുഷൻ
നടക്കന്നെന്നാലിപ്പരിണയമയേ!നിങ്ങൾസ്സുദൃഢം
മടക്കംവൈദർഭീനളരെവളരെത്തുള്ളുമിളയിൽ. 124

വൻപിസ്സുംവെണ്മതാപപ്രശമനമവനീ-
ഭൂൽകുലാഗ്ര്യതചമിമ്മ-

ട്ടമ്പീടുംസൽഗ്ഗുണൌഘാൽത്തുഹിനശിഖരിയെ-
ത്തന്റെകീഴ്ക്കാലമത്തി
അമ്പിൽകാശ്മീരഭൂപൻവിലസുവതുനിരീ-
ക്ഷിസ്സുമേനസ്സുവാസ്സും
ഡംഭീമന്നിൽതകപ്പാൻഭവതിയുമബലാ-
ഹീരമേപോരുമല്ലോ. 125

ഉത്തരകുരുഭൂപതിയിവ-
നുത്തമഗുരുചാപമദനവിദ്യകളിൽ
മുത്തണിമുലമാർമണി! നിൻ
ചിത്തംചെന്നിവരിലെങ്ങുചേരുന്നു?' 126

10. ഗദ്യം:—ഇത്ഥമത്യർത്ഥം ചിത്തഹർഷത്തിന്നു നിദാനമാകുമത്തോഴിതൻ നാവുവഴി പുത്തുമഴപോൽ പൊഴിയുമഴകെഴും മൊഴി കേഴമാൻമിഴി വഴിയേകേട്ടുമൊട്ടും ചുട്ടുപൊട്ടുന്ന ഹൃത്തട്ടിൽ പുഷ്ടമാം ദുഃഖത്തെയൊതുക്കുവാൻ ലാക്കുകാണാതെയിരുവരി നിരന്നിരിപ്പൊരു ധരണീഭരണപാരീണന്മാരെദ്ദൂരീകരിച്ചു സാരമാം പരിഷന്മന്ദിരചാരുദ്വാരത്തിലെത്തിയത്ര വിന്യസ്തമാം പൃഥുപൃഥ്വീഭർത്തൃപ്രതിമയെയതിമനോഹരമാംവണ്ണം ളൂർണ്ണം സമീപിച്ചു നിശ്ചിതമതിയായി കരധൃതയായ കൽഹാരമാലയെ സ്സോൽക്കണ്ഠം തൽക്കണ്ഠത്തിൽ ചേർക്കേണ്ടതിന്നു പൊങ്ങിക്കൊണ്ടാരം.

ഇച്ചന്ദ്രാസ്യാശമർത്ത്യപ്രതിമയിൽമതിവി-
ട്ടീവിധംപോവതിന്നാരാ-
പ്പിച്ചല്ലാതെന്തുവാൻകാരണമിനിയുടനി-
ഗ്ഗോഷ്ഠിയുംഗോഷ്ഠിയാകും'

ആശ്ചര്യ്യംലജ്ജയുംച്ചൂ ടരിശമിതുകളാൽ
ബദ്ധമാംചിത്തമോട-
ന്നല്പത്തിൽഭ്രൂപരിമ്മട്ടത്തുമിതുമവിടെ-
ച്ചൊല്ലിവല്ലാതെവാണാർ. 127

ആരുണ്യംപൂണ്ടനേത്രം, ഭ്രൂ കുടികൾകുടികൊ-
ള്ളുന്നഫാലം, നിതാന്തം
കാരുണ്യംവിട്ടചിത്തം, രുധിരമൊഴുകിടും
ദന്തവസ്ത്രാന്തമേവം
ചേരുംകോലത്തൊടപ്പോളസിയെയുറയിൽനി-
ന്നൂരിനേരിട്ടടുത്താ-
ത്താരുംവിദ്യുത്തുമൊക്കുംതനുവൊടുജയച-
ന്ദ്രാഖ്യനീവാക്യമോതി: 128

'മൂർഖേ! മുന്നൂറിനുംമേൽമുടിയതിൽമുകുടം
ചൂടുവോർപാടുനോക്കി-
പ്പാർക്കപ്പോ പിഷ്ഠനീയിപ്രതിമയെവരണം
ചെയ്തുവോ? ജാതിയായി!
ചേർക്കുന്നോയ്‌വന്നവല്ലോശിവ! ശിവ! രിപുവിൽ-
പ്രീതിനീമേദിനീശ-
ക്കാർക്കെന്നേപ്പോൽകളങ്കാങ്കുരമുയരുമിനി-
ത്തങ്കുലത്തിങ്കലേവം? 129

വല്ലാമക്കളിൽനല്ലതാക്കുമനപ-
ത്യത്വം, സുതത്വങ്ങളി-
ന്നെല്ലാവററിലുമഗ്ര്യമാമിതറിയും-
നീയെന്തിനായന്ധനായ്

മല്ലാരേ! കുലധൂമകേതുവവയെന്നി–
സ്സ്വായ്ത്തന്നു? രുഗ്മാംഗദ–
ന്നില്ലാതാക്കിയനിന്ദ്യകർമ്മമിവനിൽ–
ചേർക്കുന്നതിന്നോർക്കയോ! 130

ആകട്ടെകീർത്തിയകളങ്കം, തനൂജയേക–
യാകട്ടെമറെറാരുവളെന്തിനു? പോവതെല്ലാം
പോകട്ടെപുല്ലഭിജനാങ്കമറുപ്പനെ'ന്നു
ഹാ! കഷ്ടമോങ്ങിയവൾനേർക്കസിയാന്നൃശംസൻ. 131

അക്കാഴ്ചകണ്ടരികിലെത്തിയമാത്യരോതി–
യിക്കാര്യമീശ! ഹിതമല്ലിവൾബന്ധനത്തിൽ
പാർക്കാംകുറെദ്ദിവസമപ്പൊളിതൊക്കെമാറി
തൽക്കാംക്ഷപോലൊരുവനെപ്പതിയാക്കുമല്ലോ. 132

കംസനൊടാനകദുന്ദുഭി
ശംസനമെമ്മട്ടുചെയ്തുപണ്ട,തുപോൽ
സംസദിമന്ത്രികൾപുത്രീ-
ധ്വംസനമിച്ഛിയ്ക്കുമവനോടോതിനയം. 133

അതുകേട്ടതുപോലെചെയ്വിനെന്നാൻ
പൃഥുകീർത്തിസ്സുധിവാസമാംനൃപാലൻ
അതുലാർത്തിയൊടംബുജാക്ഷിയുംപോ–
യിതുകാരാഗൃഹവാസമാചരിപ്പാൻ. 134

ആരാജന്യരശേഷമബ്ജമുഖിയിൽ
കാരുണ്യവും, താതനിൽ
തീരാതുള്ളൊരുനിന്ദയുംപൃഥുമഹീ–
ശന്മേൽപരംമാനവും,

ആരാൽതങ്ങളിൽനാണവും,വിധിയില-
　　ന്നാംക്രോധവുംപൂണ്ടുടൻ
പാരാതപ്പുരിവിട്ടുവന്നവഴിയേ
　　പൊയ്ക്കൊണ്ടുദുഃഖാന്ധരായ്. 135

പാപപ്രവൃത്തിയതുചെയ്തതിൽവാച്ചപശ്ചാ-
ത്താപത്തിനാംത്തളിർവശംവദമാക്കിടാതെ
ഭൂപപ്രമാണിജയചന്ദ്രനമാവസിച്ചാൻ
കോപത്തിലുംപ്രണയമേവനപോവതില്ല? 136

ശിവനേ!ശിവരാമ!രാമ!കാരാ-
ഭവനേകാമിനിവാണകഷ്ടവൃത്തം
ഭുവനേവഴിപോൽകഥിപ്പതിന്നോ-
പ്പവനേവൻകഠിനാന്തരംഗനല്ലാ? 137

നിരയങ്ങിനെചുററുമാന്നിരുട്ടിൻ-
നിരയല്ലുംപകലുംനിറഞ്ഞുതുല്യം
നിരയ നിഴലാകു സ്ഥലത്തി-
ന്നിരയെന്നായിളമാഞ്ചലാക്ഷിവാണാം. 138

ഒരുതോഴിയടുക്കലില്ലമാരൻ
പൊരുതോമൽത്തനുപാതിയാക്കിടുന്നു
വിരുതോക്കുകിലേതുമില്ലവെൽവാ-
നരുതോത്തുന്നതിനവധൂവിഷാദം. 139

പൂമെത്തപ്പുറമാളിമാരൊടൊരുമി-
　　ച്ചോരോവിനോദങ്ങളുംപൂ-
ണ്ടോമൽത്തേൻമൊഴിയൌവനംവരെവസി-
　　ച്ചെന്നാലുമന്നാളതിൽ

ധാമത്തിന്നുതാനിച്ഛതെല്ലൊരുസുഖം—
    ചേരാത്തകാരാഗൃഹം
ഹാ! മെത്തും ദുരദൃഷ്ടശക്തിയതിനാൽ—
    കഷ്ടോണ്ടിരിക്കുണ്ടതായ്. 140

പോരാത്തതിന്നുഗതികെട്ടവിയോഗികൾക്കു
തീരാത്തദുഃഖമരുളുന്നപുരോനഭസ്വാൻ
നീരാൽത്തണുക്കമിളസത്വരമന്നുഘോഷി—
ച്ചാരാൽത്തദാനടത്തുടന്നിതുനാലുപാടും. 141

അന്നാവാനത്തിൽനിന്നുംശിഖരിവഴിജലം
    വീഴ്കിയെത്രുക്കശൈത്യം
നന്നായ്പ്രാവൃട്ടുഭൂമിക്കുരുളി?വദനമാം
    പുഷ്കരത്തിങ്കൽനിന്നും
സ്വർണ്ണാഭോരോജശൈലംവഴിനയനജലം
    വീഴ്കിയത്രുക്കുതാപം,
ചൊന്നാലുണ്ടാകട്ടംകൈക്കുറ?തി?വസുമതീ—
    ഭർത്തൃപുത്രിക്കുമേകീ. 142

11. ഗദ്യം:—അയ്യോ! കഥിപ്പതിനു പൊയ്യോത്തുകല്പിവനു വയ്യോമലാളൊടത്തുകാലം വിധിയനനുകൂലം വിരവിലതു മൂലം വിരഹത്തുയിരലകടലിനുടെ നടുവിലിരവു പകൽ വിമലതനുവുഴറിയതിവേലം ചുരുളുന്ന കുന്തളൊട്ട കരളിൽ കുറുമ്പിയലുമിരുളാം നിശാടി സഖിയാകും ചിത്തമലർ വേകും മുഗ്ദ്ധമൊഴി തൂകും നേത്രജലമാർത്തിയുപലത്തിനൊടുമൊത്ത സമവർത്തിദഹനാദ്യരിലുമേകും മാപാപിമാരനുടെ രോപാവലിക്കുതിർ ചലാപാംഗി ഭൂപ

സുത തീൻറും മന്നതളിർ തകൻറും മതികദനമാൻറും മരണ മൊരു ഞൊടിയിടയിൽ വരുവതിനു വിഷകൃമിയൊടെത്തു നിലയിലീനജനൊട്ട നേൻറും ശമിതാരിയാകുമൊരു കുമിതാ വരാ തരികിലമിതാധി ഘലസ്സമനു നീളും ഹ്വത്തഹഹ! കാളും മുഗ്ദ്ധയെയൊരാളും പാൎത്തിടരുതത്തരമമൎത്ത്യ വനിതാൎത്തിദസുമൂൎത്തിലത പാൎത്തു പലനാളും.

തന്നായികക്കുപററീട്ടമന്യായതമമാംവിധി
ധന്യാഗ്ര്യൻപൃഥുഭൂപാലനന്നാളാഹന്ത!കേട്ടതേ. 143

ഇടിവീണമരംപോലേഝടിതിപ്രജ്ഞയെന്നിയേ
മുടിമന്നൻധാത്രിതൻെറമടിമേൽവീണുമൂർഛയാ. 144

പറഞ്ഞുപലതുംപാരംകരഞ്ഞുകരുണാരസം
നിറഞ്ഞിട്ടമൊരുംത്താരോടരംജനപുരന്ദരൻ. 145

ഒരുനൂററിമാനംവേരറുമാററമൂറംബ്ബലം
വരുമാബ്ഭടരൊരത്തത്തിമറുനാറംശത്രുമന്ദിരേ. 146

താരുണ്യമേറുമവനപ്പുരിതന്നിൽവന്ന-
താരുംനരക്കിടയിലൊട്ടുമറിഞ്ഞതില്ലാ
ഊരുംനൃപൻകുലവുമാടയുമെന്നുവേണ്ട
പേരുംനിതാന്തമൊരുമിച്ചുമറച്ചുമൂലം. 147

ഒരിടമിരുപേർക്കുടീലമ്മട്ടസൈനികരുംകട-
ന്നരിപുരമതിൽചെന്നാർതന്നായകാജ്ഞനടത്തുവാൻ
ത്വരിതമവനീഭൃത്തുംമൃത്തുള്ളിലേതുമെഴാതെത-
ന്നരിവയർവസിപ്പോരാക്കാരാഗൃഹാന്തികമെത്തിനാൻ
അമ്പഞ്ചൊടംഗജനകമ്പടിമുമ്പുപോയാൽ
കമ്പംജഗത്തിലൊരുഭീരുവിനുംഭവിക്കാ

വൻപൻജനേശനരിഭ്രമിയിൽവെച്ചചെററും-
ക്കാമ്പഞ്ചിയില്ലതിലൊരത്ഭുതമല്പമുണ്ടോ? 149

12. ഗദ്യം.—ഇപ്രകാരം ദുരാശപോൽ ദീർഘമായും ദുഷ്ട ഹൃദയംപോൽ തമസ്സമാവൃതമായും മൃതശരീരംപോൽ നിർവ്യാപാരമായും രാക്ഷസക്ക പോലും ഭയപ്രദമായും വിളങ്ങുമാ രാജമാൎഗ്ഗം ലഘുതരം ലംഘിച്ച മദ്ധ്യേരാത്രി ധര ത്രീപുരന്ദരനാരാൽ കാരാഗൃഹദ്വാരം ചേരും നേര ത്തിൽ

'സൂനായുധാഭ! സുമതേ! സുരഗീതവൃത്ത!
ഹാ! നാഥ! ഹാ! ഹൃദയവല്ലഭ! ഹാ! ദയാബ്ധേ!
ദീനാവനോദ്യത! പ്രഭോ! തവഭാവ,മെന്നും
ഞാനാധിവാരിധിയിലാണ്ടുഴലേണമെന്നോ? 150

എന്നാലതിന്നൊരുമരുന്ന മരുന്നുകയ്യി-
ലെന്നാല ശ്യമതുത നു പയോജ്യമി പ്പാറം
മന്നാലലഭ്യമൊരു വരംക്കൊരുവസ്തുവെന്ന
വന്നാലൊട്ടക്കമെത്തുവാനവനാട്ടനൽകും' 151

എന്നൊച്ചയൊന്നുകയിൽ കുപ്പിടുമാറക ത്തു-
നിന്നുച്ചലിപ്പതു,മതങ്ങിനെകേട്ടൊരുത്തൻ
എന്നെല്ലതിച്ചിടരുതിങ്ങിനെതമ്പുരാട്ടി!
എന്നുച്ചരിപ്പതുമിളേശനകേറംകളമാറായ്. 152

മറന്നാൻതന്നുള്ളംമനുജവൃഷഭൻചാടിയരരം
തുറന്നാൻതൽക്കാരാഭവനപതിതൻനല്ലയിരുടൻ
കറന്നാൻകൈവാളാൽശ്ശുഭശകുനമാംതാർക്ഷ്യനസമം
പറന്നാൻപക്ഷംപൂണ്ടബലയുടെമുന്നോട്ടതിനുമേൽ,

12. ഗദ്യം:—തദവസരത്തിൽ കാരോദവസിതാന്തർഭാഗത്തിലൊരു ഭാഗത്തിൽ

ചീകികെട്ടാത്തകററപ്പുരികുഴൽ,തിലകം
 വിട്ടൊരാനെററി,ബാഷ്പം
തൂകിക്കാലംകഴിയ്ക്കും മിഴി,മലിനപടം
 ചാത്തുമാമദ്ധ്യമേവം
ആകെക്കണ്ടാൽകരിങ്കല്ലിനുമകമുരുകും
 മട്ടുപെട്ടുള്ളകാർശ്യ-
ശ്രീകൈക്കൊണ്ടേററനാളായണിനിരമുഴവൻ
 വിട്ടിരിയ്ക്കുന്നതായും, 154

കന്ദർപ്പൻതൻകണസ്സും ദ്രുഹിണനുടെകൂടം
 കൈയ്യുമൊററയ്ക്കുലാക്കായ്
വെന്തപ്പാടേദഹിപ്പോരകമൊടുശിവനേ!
 ഹന്ത!താപാന്ധമായീ
ഇന്നപ്പോഴാംതീരുമെന്നില്ലതുപടിദ്ദുരദൃ-
 ഷ്ടാഭിധോല്പാതവാതം-
തന്നിൽപെട്ടോരുകാരാഭവനകനകദീ-
 പത്തൊടൊത്തുള്ളതായും, 155

കപ്പയ്ക്കുള്ളാന്തരത്തെയൊട്ടു,മടവിയതിൽ
 പൂത്തനൽത്താരൊട്ടുംചേ-
ർത്താപ്പിയ്ക്കുത്തക്കവണ്ണംജനകനുടെകരോ-
 രാജ്ഞകല്പിച്ചതായും,
കെല്പൊക്കെപ്പോയുമേററംവിലസുമൊരലസാ-
 പാംഗിതന്നംഗമപ്പോ-

ളാപ്രഖ്യാതാവനീശാഗ്രണിസുകൃതബലം
കൊണ്ടുകൺകൊണ്ടുകണ്ടാൻ. 156

കോപംകന്യാപിതാവിൽ, പ്രണയമനഘലയ-
ത്തനപ്പിയിൽ, ഭൂരിപശ്ചാ-
ത്താപംതന്നിൽ, തിമിക്കുംബഹുമതിവിധിതൻ
കയ്യണിക്കൌശലത്തിൽ
ലോപംകൈവിട്ടിതെല്ലാമരമൊരുപൊഴുതേ
ചേൎന്നമിന്നുന്നതാമ-
ബ്ഭൂപൻതന്നക്ഷിനോക്കുംരതിപതിചരിതാ-
ൎത്ഥതാമത്യൎത്ഥമാണ്ടാൻ. 157

അരചൻനിജകാന്തനെന്നയോഷി-
ത്തൊരുചെററാത്തുധരിച്ചുടത്തുനില്ക്കെ
പരിചിൽതനുപുൽകിമോദമുറാക്കൊ-
ണ്ടുരചെയ്താനവളോട്ടുഭൂപനേവം: 158

'വീരശ്രീകാന്യകുബ്ജാന്വയജലധിസമുൽ-
ഭൂതശീതാംശുലേഖേ!
ധീരക്കുംവൻകരുത്താംപെരുമലയുരുകും
തുംഗശൃംഗാരധാരേ!
മാരൻതൻദിഗ്ജയാങ്കദ്ധ്വജമതിലെഴുമെ-
ന്നത്ഭുതപ്പൊൽപ്പതാകേ!
ചാരത്താരോമലേ! ചെററധമരണിയുമീ-
ദൃപ്ഷ്ടനിൽദൃഷ്ടിനൽകൂ. 159

കണ്ടാലുംലേശമുള്ളിൽകരുണയൊടിവനെ-
ക്കണ്ണുകൊണ്ടൊന്നുമുന്നിൽ

ചണ്ഡാലൻപാപിധൂൎത്തൻമദനിധിപൃഥുഞാൻ
നിസ്തുപക്ഷത്രബന്ധു
കണ്ടാലാരുംകൊതിയ്ക്കുംകളമൊഴികളണി-
ഞ്ഞീടുമീടാൎന്നൊരോമൽ-
കണ്ണാലങ്കാരമേ! നീമമപിഴകളൊക്കെപ്പൊറു-
ത്താലുമിക്കാലമെല്ലാം. 160

കാൎത്തസ്വരംകഴൽതൊഴുംതനുവാൎന്നതന്വി-
യ്ക്കാൎത്തസ്വരംവരുവതിന്നതിപാപിയാംഞാൻ
ധൂൎത്തല്പചേൎത്തുവഴിയെൻപിഴയല്പതോൎത്താൽ
മൂൎത്തംമദീയദുരിതംവിജയിപ്പതത്രേ. 161

നിൻതാതൻതൻമദത്തിന്നറുതിചെറുതുചേ-
ൎത്തൊരത്തടംകത്തിടുംതൽ-
സന്താപംതീൎത്തുഭൂഭൃൽസഭയിലഭയമീ
ഞാനഹോ! മാനഹീനൻ
ഹന്താരാൽവന്നുനൽകീലതിനുടെഫലമാ-
യല്പദയോമല്പയോനി-
യ്ക്കെന്താവാതുള്ളതേവംശിവ! ശിവ! പരമെൻ-
തന്വിയാൾബന്ദിയായീ. 162

ഞാനനൎഹനനവദ്യയാംനിന-
ക്കാനനാധരിതദിവ്യസാരസേ!
നൂനമെങ്കിലുമിവൻപിഴച്ചതും
ദീനദൈന്യമൊടുനീപൊറുക്കെടോ!' 163

എന്നുംമററുംനൃപാലോത്തമനനുശയമാ-
ൎന്നോതവേജാതവേദ-

സ്സിന്നുള്ളിൽപെട്ടഹ്യത്താന്നമരുമമ്പലമാർ
മൌലീസവ്രീളയായി
മുന്നൊക്കൊള്ളാതമോദാമൃതമതിൽമുഴുകി-
ബ്ബാഷ്പമല്പേതരംവാ-
ത്തന്നവ്ീശന്നുമന്നിൽത്തളിരൊളിവദനം
താഴ്ത്തീനിന്നാളംതദാനീം. 164

പടത്തിലെപ്പാവകണ്ണകളനിലക്കുമ-
ത്തടിത്തുതോലക്കുംതനുവാന്തനപിയെ
പട്ടതപമേറുന്നൊരുകൈകളാൽമുറ-
യ്ക്കെട്ടുത്തണച്ചാനുടലോട്ടമന്നവൻ. 165

പിന്നീടുണ്ടായതെന്നാൽപറകപ്പണിപരം
തമ്മിൽനിർമ്മായരാഗം
ചേന്നീട്ടുംസ്ത്രീപുമാന്മാരിരുവർ,വിജനമാം
വാസ്സു,വർഷാനിശീഥം
എന്നീവസ്സുക്കളൊന്നിച്ചുകിലവിടെയെഴും
ദേവതാസേവതാനാ-
ത്തനപീഭൂപാലർചെയ്താർസപദിമനമഴി-
ഞ്ഞാദ്യമായട്ടീനത്തിൽ. 166
ന്തകാരാഗൃഹോദ്വാഹപ്പന്തലിൽസ്മരസാക്ഷിയായ്
ഗാന്ധർവവിധിയാൽകാന്താകാന്തരായിരുക്കൂട്ടരും. 167

യാമംമൂന്നുകഴിഞ്ഞള-
വാമന്നവനുള്ളപത്തുയോധന്മാർ
ആമന്ദമൊരുരഥത്തൊട്ട
കാമംവന്നെത്തിവാതിലിന്നരികിൽ. 168

അതിൽകരേറീട്ടവരപ്പുരത്തിൻ—
മതിൽക്കകംവിട്ടുതിരിച്ചനേരം
ഗതിക്കുവിഘ്നംവരുമാറഹസ്സിൻ—
പതിക്കുദിക്കേണ്ടൊരുദിക്കുട്ടെത്തൂ. 169

മിത്രൻപൂർവാശയിങ്കൽകരമതരമണ—
ച്ചപ്പോറംനല്പാന്നനിദ്രാ—
മിത്രത്വംവിട്ടെഴുന്നേറ്റെഴമൊരുജയച—
ന്ദ്രാവനീജീവനാഥൻ
ചിത്രംപുത്രീചരിത്രംചിലപഴമപെട്ടം
ദൂതരോതിക്കളംബം
ശ്രോത്രംതന്നിൽതറക്കുംപടിശിവ!ശിവ!കേ—
ട്ടാത്തനായ്‌വീത്ത്രനിന്നാൻ. 170

കറപ്പെട്ടീടംതൻപുകഴിനെവെളുപ്പിക്കുവതിനായ്—
പ്പുറപ്പെട്ടാൻപോരിന്നുടനടിഭടന്മാരൊടരചൻ
പരപ്പൊട്ടെന്തിന്നാപ്പടയിലുമരിക്ക്വാത്തിയരുളാൻ
തരപ്പെട്ടില്ലല്ലോസപദിജയചന്ദ്രന്നുചെറുതും. 171

എന്നല്ലപ്പൃഥ്വനചരാവലിയമ്പുവർഷി—
ച്ചൊന്നല്ലപാതിജയചന്ദ്രടോളിതന്നെ
കൊന്നല്ലലേകി,രുജവാസ്സുതുക്കുട്ടക്കുടീ—
ട്ടെന്നല്ലയോബുധർകഥിപ്പതുമന്നിടത്തിൽ? 172

പിന്നത്തെക്കഥചൊല്ലിടേണ്ടശിവനേ!
യോദ്ധാക്കളുംമാനവും
തന്നെത്താൻപണയത്തിൽവെച്ചകരാറംനൊ—
ന്താക്കാന്യകബ്ജേശനും,

കന്നൽത്താർമിഴി ! നിൻസപത്നിവിജയ-
ശ്രീയെന്നുപായുന്നതേർ-
തന്നിൽതെല്ലുചിരിച്ചുരച്ചുപൃഥുവും
പോർവിട്ടുവേർപെട്ടതേ. 173

പരംദരംവിട്ടപയോധികാഞ്ചീ-
പുരന്ദരൻപൂരിതസർവ്വകാമൻ
മരന്ദരമ്യോക്തിയൊടൊത്തൊട്ടക്കം
പുരന്ദരപ്രസ്ഥപുരത്തിലെത്തി. 174

ഏറെത്താമസിയാതെ തന്നെവിധിപോ-
ലപ്പുരിൽനല്പേറിട്ടം
നീരിത്താർമിഴിതൻനിതാന്തരുചിരം
കല്യാണഘോഷോത്സവം
പാരിൽതാദൃശമന്യമില്ലതുകണ-
ക്കണ്ടായിരണ്ടായിരം
നേരെത്താതൊരുനാവെഴുംഫണിയതെ-
ത്താൻനോക്കിവർണ്ണിയ്ക്കണം. 175

കുറവൊരുശകലംവരാതെരണ്ടാം
സുരവരനുംശചിയുംകണക്കതന്നെ
ഹരിപുരമതിലേറെമോദമുറ്റുകൊ-
ണ്ടിരുവരുമൊത്തുവസിച്ചുസൌഖ്യമോടേ. 176

പൂർവ്വഭാഗം.

—ഃ൦ഃ—

# സ്വജാതോദ്വാഹം

## ഭാ ഷാ ച മ്പു

## ഉത്തരഭാഗം

കുന്നിന്മേൽനിന്നീളക്കൈത്തളിർ,പുരികുഴൽവ–
　　ണ്ടോ,മനക്കൊങ്കയാംകൊ–
ത്തെന്നിക്കോലത്തൊട്ടുണ്ടായ്ബ്ബൃഹൽഫലമരുളാൻ
　　ത്രാണിയാസ്ഥാണുവിന്നും
നന്ദിപ്പേകിപ്രശസ്തപ്രഭയൊടിടത്തുഭാ–
　　ഗത്തുപററിത്തഴക്കും
പൊന്നിൻപൂമെയ്യുപർണ്ണാലതയുടെ ചുവട്ടു–
　　ണ്ടാശ്രയംതീർച്ചയായ്മേ. 1

ഒന്നേകൊമ്പുള്ളകുത്താൻ, കുടവയർവടപ–
　　ത്രംകണ്ണക്കാകുമോടി–
പ്പോന്നേല്ക്കാൻപെൺനടക്കാക്കരുതുഭയദമാ–
　　ണാജിയിൽസിംഹനാദം
എന്നേവംഹുങ്കൊടോത്തുംഗുഹനൊടനുജ!ഞാ–
　　നാശ്രയംദാനവാരി–
യ്യുന്നേറെപ്പുഞ്ചിരിക്കൊണ്ടരുളിനഗണനാ–
　　ഥന്റെപാദംതൊഴുന്നേൻ.

പൂന്തേനുംമുന്തിരിങ്ങാപ്പഴവുമമൃതവും
വെല്ലവുംനല്ലപാലും
പാന്തേലുംകൊങ്കമാർതന്നധരവുമടിമ-
പ്പെട്ടുപോംമട്ടമന്നിൽ
ഞാന്തേടുംവാക്കതീന്നീടണമതിനുസരോ-
ജാസനൻദാസനാകും
